പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1577 — 02.07.2015 ലെ മറുപടിയ്ക്ക്

## പാട്ടകൃഷിക്കാർക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) 2015-16 ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ഒരു ഹെക്ടർ സ്ഥലത്ത് പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്ന ആളിന് 25,000/- രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000/- രൂപ ധനസഹായവും നൽകി വരുന്നു. 2015-16 വർഷത്തേയ്ക്കായി പാട്ടകൃഷി ചെയ്യുന്ന നെൽ കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി അനുവദിച്ചിട്ടില്ല. എന്നാൽ 2011-2012, 2012-2013, 2013-2014 എന്നീ വർഷങ്ങളിൽ പാട്ട കൃഷി ചെയ്തിരുന്ന കർഷകർക്ക് ഹെക്ടറിന് 25,000/- രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000/- രൂപ ധനസഹായവും നൽകിയിട്ടുണ്ട്. |
| (ബി) പാട്ടകൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ബി) കൃഷിഭവൻ മുഖാന്തിരം ദേശസാൽകൃത ബാങ്കുകൾ / സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്ന് പാട്ടകൃഷി ചെയ്യുന്ന നെൽ കർഷകർക്ക് നബാർഡ് നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫൈനാൻസ് പ്രകാരം വായ്പ നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**